II.ഇ.ബി. XII--കേരള നിയമസഭ/IV-8

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 മാർച്ച് 15, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

50 (* 211) ജില്ലാ മാനസികാരോഗ്യ പദ്ധതി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പരിപാടി; മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം; സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മനോരോഗ ചികിത്സാ വിഭാഗങ്ങളുടെ വികസനം എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ജില്ലാ മാനസികാരോഗ്യ പരിപാടി തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജില്ലാ മാനസികാരോഗ്യ പദ്ധതി അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കേണ്ടതാണ്. 1999-ൽ ആരംഭിച്ച തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടി 2004-ലും 2000-ൽ

ആരംഭിച്ച തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടി 2005–ലും അഞ്ച് വർഷം പൂർത്തിയാക്കി. ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഇപ്പോഴും തുടർന്നുവരികയാണ്. ഇടുക്കി, കണ്ണൂർ എന്നീ ജില്ലാ മാനസികാരോഗ്യ പരിപാടികൾ 2004-2005–ലും വയനാട് ജില്ലയ്ക്ക് വേണ്ടിയുള്ള പദ്ധതി 2006–ലുമാണ് അനുവദിച്ചത്. അഞ്ച് വർഷം തികയുന്ന മുറയ്ക്ക് ഈ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടിക്കുവേണ്ടി 1,01,76,000 രൂപയും തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടിക്കുവേണ്ടി 84,90,742 രൂപയും ഇടുക്കി, കണ്ണൂർ, വയനാട് ജില്ലാ മാനസികാരോഗ്യ പരിപാടികൾക്കുവേണ്ടി 26,20,000 രൂപ വീതവും ലഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ഒരു പ്രോജക്ട് സമർപ്പിക്കുന്നതാണ്. ഈ പദ്ധതിയിൽ ഈ വർഷംവരെ 25 ഔട്ട്റീച്ച് ക്ളിനിക്കുകളിലായി തുടർ ചികിത്സ നൽകാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മാത്രം ഏകദേശം പതിനായിരത്തിലധികം രോഗികൾക്കാണ് ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്നത്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനപദ്ധതി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മനോരോഗ ചികിത്സാ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ്

ആശുപത്രികളിൽ ഈ പദ്ധതി അനുവദിച്ചുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രാകൃതമായ ഷോക്ക് ഏല്പിക്കുന്നതുപോലുള്ള ചികിത്സാ രീതികൾ ഒഴിവാക്കുന്നതിനെ സംബന്ധിച്ച് ഈ രംഗത്തെ വിദഗ്ദ്ധരുമായി ആലോചിക്കുന്നതാണ്. രോഗം ഭേദമായിട്ടും തിരികെ പോകാൻ തയ്യാറാകാത്തവരെയും ബന്ധുക്കൾ കൂട്ടിക്കൊണ്ടുപോകാൻ തയ്യാറാകാത്തവരെയും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെയും എൻ.ജി.ഒ.യുടെയും ഇടപെടലിൽ പുനരധിവസിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. റിഹാബിലിറ്റേഷൻ കേന്ദ്രങ്ങൾക്കുവേണ്ടി ഗൈഡ്‌ലൈൻസ് തയ്യാറാക്കുന്നതിന് 2005-ൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത സമിതി റി-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതാണ്. മാനസികാരോഗ്യത്തിന് ആയുർവേദ ചികിത്സ നടത്തുന്ന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും സാന്ത്വന ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് മാനസികരോഗം ബാധിച്ച മുഴുവൻ ആളുകൾക്കും സൗജന്യമായി ചികിത്സയും മരുന്നും നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഒരു മാനസികരോഗ ചികിത്സാ യൂണിറ്റ് കൊണ്ടുവരാൻ കഴിയുമോയെന്ന് പരിശോധിക്കാമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

51 (*212) <u>പ്രവർത്തനം നിലച്ച കമ്പനികളുടെ ആസ്തി ഉപയോഗിച്ച് പുതിയ വ്യവസായം</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനം

നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു എന്ന് സഭയെ അറിയിച്ചു. സ്കൂട്ടേഴ്സ് കേരള ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികമുള്ളതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഭൂമി ഉപയോഗപ്പെടുത്തി പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാധ്യതയും പരിഗണിച്ചുവരികയാണ്. Astral Watches Limited, Keltron Power Devices Limited, Keltron Rectifiers Limited, Kerala Construction Components Limited, Kerala Soaps & Oils Limited, Kerala Special Refractories Limited, Kerala State Detergents & Chemicals Limited, Kerala State Salicylates & Chemicals Limited, Sidkel Televisions Limited, The Chalakudy Refractories Limited, The Mannam Sugar Mills Co-operative Limited, The Metropolitan Engineering Company Limited, Travancore Plywood Industries Limited, Trivandrum Spinning Mills, The Co-operative Sugars Limited, Chittur എന്നിവയാണ് സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ. പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്ന പൊട്ടൻഷ്യലി വയബിളായ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളേയും പുനരുദ്ധരിക്കാനുള്ള നടപടികളാണ് നടപ്പു വർഷത്തിൽ ഗവൺമെന്റ് കൈക്കൊണ്ടുവരുന്നത്. പൊതുമേഖലാ സ്ഥാപന ങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിശ്ചയിക്കുന്നതിന് രൂപീകരിച്ച

സെലക്ഷൻ ബോർഡ് ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന പാനലിൽനിന്ന് സി.ഇ.ഒ.മാരെ നിയമിക്കുന്നതാണ്. മലബാർ സിമെന്റ്സ് ലിമിറ്റഡിൽ 400 കോടിയോളം രൂപയുടെ ക്രമക്കേടുകൾ നടന്നതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവല്ല മണ്ഡല ത്തിൽ അടഞ്ഞുകിടക്കുന്നതും സിഡ്കോയുടെ കീഴിൽ ആരംഭിച്ചതുമായ സ്ട്രോബോൾ ഫാക്ടറി ഗവൺമെന്റിന്റെ 50-ാം വാർഷികത്തിൽ പുനരുദ്ധ രിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലിക്വിഡേഷനിലായിരുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് കോടതിവിധിയെത്തുടർന്ന് തിരികെ കിട്ടിയതിനാൽ അവിടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റ് ആരംഭി ക്കുന്നതിനും കഴക്കൂട്ടത്ത് പൂട്ടിക്കിടക്കുന്ന കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ലിമിറ്റഡിന്റെ സിഡ്കോയ്ക്ക് കൈമാറിയ 25 ഏക്കർ സ്ഥലത്ത് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ നവീകരണ പദ്ധതികൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ട്രേഡ് യൂണിയനുകളും മാനേജുമെന്റുമായി ധാരണ യായതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് വർക്ക് ആരംഭിച്ചിട്ടുണ്ട്. അതിന് പാക്കേജ് അനുസരിച്ച് സഹായം നൽകുന്നതാണ്. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഭൂമിയുടെ ഒരു ഭാഗം ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. മാവൂർ ഗ്വാളിയോർ റയോൺസിന്റെ സ്ഥലത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിന് ഗ്രാസിം മാനേജ്മെന്റ് മാർച്ച് 31-നുമുമ്പ്

പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഗ്രൂപ്പ് സൊസൈറ്റിയായ കിറ്റ്കോസ് പുനരുദ്ധരിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. കെൽട്രോണിന്റെ മൂടാടി യൂണിറ്റിൽ സാങ്കേതിക വിദ്യാഭ്യാസ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കെൽട്രോണിന്റെ വികസനവുമായി ബന്ധപ്പെട്ട് വിപുലമായ ഒരു പ്രോജക്ട് തയ്യാറാക്കി വരികയാണെന്നും അതിന്റെ ഭാഗമായി മുഴുവൻ യൂണിറ്റുകളേയും പുനരുദ്ധരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

52(* 213) <u>ആശുപത്രി മാനേജ്മെന്റ് സമിതികൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 12-1-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകളനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആശുപത്രികൾക്ക് ആശുപത്രി മാനേജ്മെന്റ് സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ചട്ടങ്ങളനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത് എന്നതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, മരുന്നുകൾ വാങ്ങുക, രോഗികൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ കർത്തവ്യങ്ങളാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്കുള്ളത്. കൂടാതെ ആശുപത്രി മാനേജ്മെന്റ് സമിതികളുടെ പ്രവർത്തന

ങ്ങൾ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ആരോഗ്യവകുപ്പും തദ്ദേശസ്വയം ഭരണ വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേകമായി തീരുമാനിക്കുന്നതുമാണ്. അതുവരെ ആശുപത്രി മാനേജ്മെന്റ് സമിതികൾക്ക് ആശുപത്രി വികസന സമിതികൾക്കുവേണ്ടി രൂപം കൊടുത്തിട്ടുള്ള നിലവിലുള്ള ചട്ടങ്ങൾ ബാധകമായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്ക് കൈമാറുന്ന എച്ച്.ഡി.സി.കളുടെ ഫണ്ടിന്റെ 50 ശതമാനംവരെ ചെലവഴിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ കമ്മിറ്റികൾ രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പ്രവർത്തനത്തിനുള്ള ധനസഹായമായി 5 ലക്ഷം രൂപ വീതം ജില്ലാ ആശുപത്രികൾക്കും ഒരു ലക്ഷം രൂപ വീതം മറ്റ് ആശുപത്രികൾക്കും നൽകുന്നതാണ്. ആശുപത്രി മാനേജ്മെന്റ് സമിതികൾക്ക് ആശുപത്രി വികസനത്തിന് ഫണ്ട് സ്വരൂപിക്കുന്നതിന് സാധിക്കത്തക്കവിധത്തിൽ വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. സമിതിയിൽ അതതു ജില്ലയിൽ അസംബ്ളിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി, ത്രിതലപഞ്ചായത്തുകളിലെ പ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ നോമിനേറ്റ് ചെയ്യുന്ന ഒരു വനിതാ മെമ്പർ ഉൾപ്പെടെയുള്ള മൂന്ന് ആരോഗ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ സമിതികളിൽ എം.എൽ.എ.മാർക്ക് പങ്കെടുക്കുന്നതിനോ ക്ഷണിതാവാകുന്നതിനോ യാതൊരു തടസ്സവുമില്ലെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

53 (*217) ഉപഗ്രഹ നഗരം

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഒരു ഉപഗ്രഹ നഗരം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യത്തിനകത്തും പുറത്തുമുള്ള ഏജൻസികളുമായി ആശയവിനിമയം നടത്തിവരുന്നുണ്ടെന്ന് അറിയിച്ചു. ഇതുസംബന്ധിച്ച് മലേഷ്യൻ സർക്കാരിന്റെ പങ്കാളിത്തമുള്ള ഒരു കമ്പനിയുമായി പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററാണ് പരിഗണനയിലുള്ളത്.

54 (*224) സിൽക്കിന്റെ സഹകരണത്തോടെ റെയിൽവേ വാഗൺ നിർമ്മാണം

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പീഡിത പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സിൽക്കിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റേയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റേയും അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് ഇന്ത്യൻ റെയിൽവേയ്ക്കാവശ്യമായ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2007-08-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇതുമൂലം പീഡിത വ്യവസായ സ്ഥാപനങ്ങളായ സിൽക്ക്, ആട്ടോകാസ്റ്റ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സാധിക്കും. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആലപ്പുഴ, എറണാകുളം മേഖലകളിൽ ധാരാളം അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളുമുണ്ട്. സിൽക്കിന്റെ

സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റും അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റും ചേർന്നാണ് റെയിൽവേ ബോഡി നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ആട്ടോകാസ്റ്റിന് 15000 MT GI കാസ്റ്റിംഗ്സും 5000 MT SGI കാസ്റ്റിംഗ്സും ഉല്പാദന ശേഷിയാണുള്ളത്.

55 (* 234) <u>പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മിൽ</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ബാലരാമപുരത്തെ തിരുവനന്തപുരം സ്പിന്നിംഗ് മിൽ മാത്രമാണ് സാമ്പത്തിക പ്രതിസന്ധിമൂലം ഇപ്പോൾ പൂട്ടിക്കിടക്കുന്നതെന്ന് അറിയിച്ചു. തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ 25,000 സ്പില്ലറുകൾ പ്രവർത്തിക്കുന്നില്ല. ഈ സ്ഥലത്ത് 3 കോടി രൂപയുടെ ഒരു വ്യവസായ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു. പുനരുദ്ധാരണ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് മിൽ തുറന്ന് പ്രവർത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

56 (*236, 237 & 239) <u>കെ.എസ്.ആർ.ടി.സി. ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കൽ</u>

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കെ.എസ്.ആർ.ടി.സി. ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യാത്രക്കാർക്ക് മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഷെഡ്യൂളുകളുടെയും ട്രിപ്പുകളുടെയും പുന:ക്രമീകരണം നടത്തുന്നതിനും ഓരോ ജില്ലയിലേയും സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കും മറ്റും മേൽനോട്ടം വഹിക്കുന്നതിനുമായി കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരെ

താത്ക്കാലികമായി അധികാരപ്പെടുത്തിയിട്ടുണ്ടെന്നറിയിച്ചു. അടുത്ത സാമ്പത്തികവർഷം യാത്രാക്ലേശം പരിഹരിക്കുന്നതിനായി പുതിയ 1000 ബസ്സുകൾ നിരത്തിലിറക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ദേശീയ പാതയിൽ അനധികൃതമായി ഓടുന്ന പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

56 (1549) <u>ദിനേശ് ബീഡിയുടെ വൈവിദ്ധ്യവൽക്കരണം</u>

ദിനേശ് ബീഡിയുടെ വൈവിദ്ധ്യവൽക്കരണം സംബന്ധിച്ച് സമർപ്പിച്ചിരുന്ന 7.07 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചതുപ്രകാരം കണ്ണൂർ, പിണറായി, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങളിൽ ഗാർമെന്റ് യൂണിറ്റ്, പയ്യന്നൂരിൽ നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്, കാസർഗോഡ് ജെം കട്ടിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഭരണാനുമതി നൽകുകയും 4 കോടി രൂപ ഗ്രാന്റായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

57 (1552) <u>ഇൻവെസ്റ്റേഴ്സ് മീറ്റ്</u>

കാസർഗോഡ് ജില്ലയിൽ നടന്ന ഇൻവെസ്റ്റേഴ്സ് മീറ്റിൽ കെ.എസ്.ഐ.ഡി.സി.യുമായി ഏകദേശം 407 കോടി രൂപയുടെ 5 പദ്ധതികൾക്കും കിൻഫ്രയുമായി ഏകദേശം 55 കോടി രൂപയുടെ 5 പദ്ധതികൾക്കും ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പിലാക്കിവരുമ്പോൾ ഏതാണ്ട് രണ്ടായിരത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

58 (1587) <u>കൈത്തറി മേഖല സംരക്ഷിക്കാൻ നടപടി</u>

പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ സംരക്ഷണത്തിനായി 2006-07വർഷം 21.63 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുകയും കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരും പൊതുജനങ്ങളും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്നുള്ള അഭ്യർത്ഥന പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറി/ഖാദി യൂണിഫോം ധരിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വിവിധ പദ്ധതികൾക്കുപുറമേ കഴിനൂൽ സബ്സിഡി ഇനത്തിൽ ഈ വർഷം രണ്ട് കോടി രൂപ എറണാകുളം, കോഴിക്കോട് യാൺ ബാങ്കുകൾക്കും ഹാൻവീവ്, ഹാന്റക്സ്, കൈത്തറി സംഘങ്ങൾ എന്നിവയ്ക്കും നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് 2001-02-ലെ റിബേറ്റ് കുടിശ്ശികയായ 122 ലക്ഷം രൂപയും ഹാൻവീവിനും ഹാന്റക്സിനും 2004-05-ൽ നൽകാനുള്ള റിബേറ്റ് കുടിശ്ശികയായ 178 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ പുതിയ മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി ടി.പി.ഡി.സി. മുഖാന്തിരം നൂതന ഡിസൈനുകൾ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നു.

59 (1711) ഭൂഗർഭ ജലത്തിന്റെ തോത് നിലനിർത്താൻ നടപടികൾ

ഭൂഗർഭ ജലത്തിന്റെ തോത് നിലനിർത്തുവാൻ റീചാർജ്ജിംഗിനായി കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള സംഭരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പിന്റെ ജില്ലാ ആഫീസുകൾ മുഖേന ജില്ലാതല കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കേടായിട്ടുള്ള ഏകദേശം 2000 ഹാൻഡ് പമ്പുകൾ ഡിപ്പാർട്ട്മെന്റ് മുഖേന റിപ്പെയർ ചെയ്യുന്നതിന് ലക്ഷ്യമിടുകയും കോട്ടയം ജില്ലയിലെ റിപ്പെയറിംഗ് ജോലി തുടങ്ങുകയും ചെയ്തു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 80 പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കാനും 15,000 പേർക്ക് കുടിവെള്ളം ലഭ്യമാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

60 (1716) കടൽത്തീര സംരക്ഷണം

സംസ്ഥാനത്ത് കടൽഭിത്തിയോ പുലിമുട്ടുകളോ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ നിർമ്മിച്ചും കേടായവ പുനരുദ്ധരിച്ചും അടിയന്തിര ഘട്ടങ്ങളിൽ കരിങ്കൽച്ചിറ നിർമ്മിച്ചും മണൽചാക്ക് അടുക്കിയും കടൽത്തീരങ്ങൾ സംരക്ഷിച്ചുവരുന്നു. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റായി 2006-10 കാലഘട്ടത്തിലേയ്ക്ക് 175 കോടി രൂപ അനുവദിക്കുകയും ഒന്നാംവർഷത്തെ ഗ്രാന്റായ 63.55 കോടി രൂപയുടെ പണികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.